പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3166 10.05.2017 -ൽ മറുപടിക്ക്.

# ഹോട്ടലുകളിലെ ഭക്ഷണ വില

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഹോട്ടലുകളിലെ ഭക്ഷണ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കമോ ; | (എ) | സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിലാണ് വില ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമം ഇല്ല. എന്നാൽ ഭക്ഷണ സാധനങ്ങൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) 1977ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെൻറ്) ഓർഡർ, കേരള എസ്സെൻഷ്യൽ കമ്മോഡിറ്റീസ് (മെയ്ന്റനൻസ് ഓഫ് അക്കൗണ്ട് ആൻറ് ഡിസ്പ്ലേ ഓഫ് പ്രൈസ് ആൻറ് സ്റ്റോക്ക്) ഓർഡർ എന്നിവ പ്രകാരം സ്റ്റാർ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകളെ ഒഴിവാക്കിയിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ ; | (ബി) | സ്റ്റാർ ഹോട്ടലുകളിൽ ഉപഭോക്താക്കൾക്ക് മെനു നല്കുന്ന സമ്പ്രദായം നിലനിൽക്കുന്നു. അതിൽ ഭക്ഷണ പദാർത്ഥത്തിന്റെ പേരും വിലയും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാലാണ് സ്റ്റാർ ഹോട്ടലുകളെ ടി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. |

| | |
|---|---|
| (സി) നിയമത്തിലെ പോരായ്മയാണെങ്കിൽ പ്രസ്തുത നിയമങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>(ഡി) വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല് പാസ്സാക്കുന്നതിന് നയപരമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) & (ഡി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10.08.2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ